പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1645

10.02.2020-ൽ
മറുപടിക്ക്

ഇൻഫർമേഷൻ കേരള മിഷൻ പുന:സംഘടന റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഐ.കെ.എം. പുന:സംഘടനയും ശമ്പള പരിഷ്കരണവും സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം ഓരോ ജീവനക്കാർക്കും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ നിയമന ഉത്തരവിന്റെയും ശമ്പള ഫിക്സേഷൻ ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | എ) & ബി) വിവരം ശേഖരിച്ച വരുന്നു. |
| ബി) 31/08/2017-ലെ ജി.ഒ. (എം.എസ്.)176/17/എൽ.എസ്.ജി.ഡി. പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | |
| സി) സർക്കാർ കത്ത് നമ്പർ ഐ.ബി.1/6/2019/എൽ.എസ്.ജി.ഡി. പ്രകാരം എന്തൊക്കെ വിശദാംശങ്ങളാണ് ഐ.കെ.എം. നോട് ആവശ്യപ്പെട്ടത്; ഈ ഫയലിന്മേൽ എത്ര കത്തുകൾ സർക്കാർ ഐ.കെ.എം. ലേയ്ക്ക് നൽകിയിട്ടുണ്ട്; ഇതിന്മേൽ ഐ.കെ.എം. സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | സി) ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്ന് കത്തുകൾ (23.02.2019, 20.03.2019, 26.06.2019) നൽകിയിട്ടുണ്ട്. ഐ.കെ.എം. സ്വീകരിച്ച തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല. |

| | |
|---|---|
| ഡി) ഐ.കെ.എം. ജീവനക്കാരുടെ വിഷയവുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2020 ജനുവരി വരെ സർക്കാർ ഐ.കെ.എം.ന് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; അതുപ്രകാരം ഐ.കെ.എം.ൽ നിന്ന് വന്ന മറുപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) ലഭ്യമായവ അനുബന്ധമായി ചേർക്കുന്നു. |
| ഇ) സർക്കാർ നൽകുന്ന കത്തുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലെ ഐ.കെ.എം.ന്റെ വീഴ്ചകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | ഇ) ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അന്വേഷണം



I/3392007/2018

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

നം.തസ്വഭവ-ഐബി1/10/2018-തസ്വഭവ

തിരുവനന്തപുരം

തീയതി, .03.2018.

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ.

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷനിലെ മാനേജ്മെന്റ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനം -സംബന്ധിച്ച്.

സൂചന:- 28.12.2017 ലെ എംപ്ലോയീസ് ഫെഡറേഷൻ & ഇൻഫർമേഷൻ ടെക്നോളജി പ്രസിഡന്റിന്റെ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം വിശദമായ ഒരു റിപ്പോർട്ട് 2 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ലീന എൻ.പി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

[signature]
സെക്ഷൻ ഓഫീസർ.

,9

കേരള സർക്കാർ

നം.തസ്വഭവ-ഐബി1/10/2018-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി, 31.01.2019.
ഫോൺ - 0471 251 8611
ഇ മെയിൽ - lsgibdept@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷനിലെ മാനേജ്മെന്റ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനം - സംബന്ധിച്ച്.

സൂചന:- 15/03/2018-ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലെ കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു

വിശ്വസ്തതയോടെ,

മിനി. എം.ആർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Minilal
സെക്ഷൻ ഓഫീസർ.

31

.18/CM/COMP

OFFICE OF THE CHIEF MINISTER
03 JAN 2018
KERALA, THIRUVANANTHAPURAM

സെക്രട്ടറി, എൽ.എസ്.ജി.ഡി.
പരിശോധിച്ച് ഒരാഴ്ചയ്ക്കകം
സമർപ്പിക്കുക.

പിണറായി വിജയൻ
മുഖ്യമന്ത്രി

G18010867


EMPLOYEES FEDERATION @ INFORMATION TECHNOLOGY

EF@ IT

General Secretary: Roshy K.K

President : James Mathew MLA


010312

സ്വീകർത്താവ്

ശ്രീ. പിണറായി വിജയൻ

ബഹു. കേരള മുഖ്യമന്ത്രി

സർ

വിഷയം : ഇൻഫർമേഷൻ കേരള മിഷനിലെ കാര്യക്ഷമത ഇല്ലാത്ത
മാനേജ്മെന്റ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനും 28/08/2017 ലെ മന്ത്രിസഭാ
തീരുമാനം നടക്കാത്തതും സംബന്ധിച്ച് :-

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1999 ൽ
രൂപീകരിച്ച സ്ഥാപനമാണ് ഇൻഫർമേഷൻ കേരള മിഷൻ. സ്ഥാപനവും ജീവനക്കാരും
നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത്
നിരന്തരം ശ്രമിച്ചിരുന്നുവെങ്കിലും യാതൊരു തീരുമാനവും ഉണ്ടായില്ല. ഈ സർക്കാർ
അധികാരത്തിൽ വന്നതിനുശേഷം ഐ കെ എമ്മിന്റെ പ്രവർത്തനങ്ങൾ
മെച്ചപ്പെടുത്തുന്നതിനാവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ
ചുമതലപ്പെടുത്തി. ഐകെഎമ്മിനെ പ്രൊഫഷണൽ നിലവാരത്തിലേക്ക് ഉയർത്തുക
എന്ന ലക്ഷ്യത്തിലേക്ക് കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. ഈ റിപ്പോർട്ട്
28/08/2017 ന് ചേർന്ന സംസ്ഥാന മന്ത്രിസഭ അംഗീകരിച്ചു. റിപ്പോർട്ട് സുതാര്യമായ
പ്രക്രിയയിലൂടെ ഒരു മാസത്തിനകം തസ്തിക നിർണ്ണയം നടത്തി നടപ്പിലാക്കണം എന്ന്
പറഞ്ഞു ജിഒ നമ്പർ.176/2017 തസ്വഭവ തീയ്യതി 31/08/17 ന് പുറത്തിറങ്ങിയിരുന്നു.

എന്നാൽ ഉത്തരവ് ഇറങ്ങി നാല് മാസം കഴിഞ്ഞിട്ടും റിപ്പോർട്ട് പ്രകാരമുള്ള
റീസ്ട്രക്ചറിംഗ് നടപ്പാക്കി സ്ഥാപനത്തെ പ്രൊഫഷണൽ നിലവാരത്തിലേക്ക്
ഉയർത്താനുള്ള നടപടികളോ ശമ്പള പരിഷ്കരണമോ നടപ്പിലാക്കാൻ മാനേജ്മെന്റ്
തയ്യാറാകുന്നില്ല. റീസ്ട്രക്ചറിംഗ് റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവിശ്യപ്പെട്ടപ്പോൾ
മന്ത്രിസഭ അംഗീകരിച്ച റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള
ശമ്പള നിർണ്ണയ പട്ടിക തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച്
ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുന്ന
നിലയാണ് ഉണ്ടായത്. ഇത് പഞ്ചായത്ത് ഡയറക്ടർ പുന.പരിശോധന നടത്തി
കൊണ്ടിരിക്കുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾക്ക് ആവിശ്യമായ
സോഫ്റ്റ്വെയറുകൾ വികസിപ്പ് ആയത് വിന്യസിപ്പിച്ച് പരിപാലിച്ച് പോകുകയാണ്
സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. 14/7/2016 ന് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ
ചേർന്ന യോഗത്തിൽ ജീവനക്കാരുടെ പ്രവർത്തനത്തിന്റെ പോരായ്മകളാണ് പരാതികൾ
കൂടുന്നതെന്ന് കാരണം ആക്ഷേപം വന്നപ്പോൾ യൂണിയൻ തന്നെ മുൻകൈയെടുത്തു
പരാതികൾ പരിഹരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി 05/08/2016 യൂണിയൻ തദ്ദേശ
സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ടിൽ ഇതു 441 എണ്ണം


Reg. No. 01-23/2009, CITU District Committee Office, Chirakkulam Road, Thiruvananthapuram 695001
e-mail: efitkm@gmail.com www.efitkerala.org

കുറഞ്ഞിരുന്നു. എന്നാൽ ഇത് തുടർന്ന് നിലനിർത്താൻ കാര്യക്ഷമത ഇല്ലാത്ത മാനേജ്മെന്റ് സംവിധാനം കാരണം സാധിച്ചിട്ടില്ല. കാര്യക്ഷമത ഇല്ല്യായ്മ തുടരുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഇന്നത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള പരാതികളിൽ 2957 എണ്ണവും പരിഹരിക്കപ്പെടാതെ നിൽക്കുന്നു. ഇത് സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. (അനുബന്ധം: 1)

ഐകെഎമ്മിനു തദ്ദേശ വകുപ്പിന്റെയോ മറ്റ് വകുപ്പുകളുടെയോ ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സ്വയം വരുമാനം കണ്ടെത്തണമെന്നുള്ള നിർദ്ദേശമാണ് എല്ലാ കാലത്തും ഉള്ളത്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഉള്ള വർക്കല വിഷൻ ഇൻഫ്രാസ്ട്രക്ച്ചർ കോർപ്പറേഷൻ ലിമിറ്റഡിന്റെ (വിവിഡ്)ആവശ്യത്തിലേക്ക് ജിയോ സ്പെഷ്യൽ ഇൻഫർമേഷൻ സിസ്റ്റം എന്ന പദ്ധതിയുടെ നടത്തിപ്പ് ഐ കെ എമ്മിനോട് ഏറ്റെടുക്കാൻ പറയുകയും ആയത് സംബന്ധിച്ച് ഐകെഎം വിശദമായ പ്രൊജക്റ്റ് പ്രൊപ്പോസൽ നൽകുകയും ചെയ്തു. ഈ ഡിപിആർ വിവിഡിന്റെ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പ്രവർത്തനങ്ങളുടെ എഗ്രിമെന്റ് അംഗീകരിച്ച് 60 ലക്ഷത്തിന്റെ പദ്ധതി ഏറ്റെടുക്കുവാൻ വിവിഡ് കോർപ്പറേഷൻ എം ഡി 30/07/2017 ന് ഐ കെ എമ്മിന് കത്ത് നൽകിയെങ്കിലും ഇന്നുവരെ ഡയറക്ടർ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്. (അനുബന്ധം: 2)

സർക്കാർ തീരുമാനം ഉണ്ടായിട്ടും ഐകെഎമ്മിന്റെ നില മെച്ചപ്പെടുത്താൻ യാതൊരു നടപടികളും ഇതിനോടകം സ്വീകരിക്കുവാൻ തയ്യാറാകാത്ത ഡയറക്ടർ ഈ സ്ഥാപനത്തെ കൂടുതൽ നാശത്തിലേക്ക് തള്ളിവിടുന്ന തീരുമാനങ്ങളാണ് എടുക്കുന്നത്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. സർക്കാർ ഉത്തരവിൽ നിലവിൽ ജോലി ചെയ്തു വരുന്നവരുടെ തൊഴിൽ പരിചയവും യോഗ്യതയും സുതാര്യമായ പ്രക്രിയയിലൂടെ ഒരു മാസത്തിനകം ഉറപ്പാക്കണം എന്നത് നാലുമാസമായിട്ടും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.
2. ഒരുമാസത്തിനകം ചെയ്യേണ്ട കാര്യത്തിൽ മനപൂർവ്വം കാലതാമസം വരുത്തുകയും ഇത് നടപ്പിലാക്കാതിരിക്കുന്നതിലേക്കായി സർക്കാർ അംഗീകരിച്ച റിപ്പോർട്ടിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തസ്തിക നിർണ്ണയം നടത്തി പഞ്ചായത്ത് ഡയറക്ടർക്ക് നൽകി. അതുമൂലം ഈ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടർ വീണ്ടും പുന:പരിശോധന നടത്തികൊണ്ടിരിക്കുന്നു. ആയതിനാൽ ഉത്തരവ് ഇറങ്ങി നാല് മാസമായിട്ടും റീസ്ട്രക്ച്ചറിംഗ് നടക്കുന്നില്ല.
3. IKM റീസ്ട്രക്ച്ചറിംഗ് റിപ്പോർട്ടിൽ 40 ജീവനക്കാരാണ് സോഫ്റ്റ്വെയർ ഡിവിഷനിൽ ഉള്ളത്. റീസ്ട്രക്ച്ചറിംഗ് നടപ്പിലാക്കിയതിന് ശേഷം ആവിശ്യമുണ്ടെങ്കിൽ താത്കാലികമായി മാത്രമെ ജീവനക്കാരെ നിയമിക്കാവൂ എന്ന നിർദ്ദേശത്തിനെതിരായി അഞ്ചു ജീവനക്കാരെ രണ്ടു വർഷത്തെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നു. (ജൂനിയർ പ്രോഗ്രാമ്മർ 3 പേർ 35000-40000 രൂപ വരെ ശമ്പളം ,സീനയർ പ്രോഗ്രാമ്മർ 2 പേര് 70000/- രൂപ ശമ്പളം). നാലോളം പ്രോഗ്രാമ്മർക്ക് നിയമന ഉത്തരവ് നൽകിയിരിക്കുന്നു. സർക്കാർ അംഗീകരിച്ച ശമ്പളത്തെക്കാൾ കൂടുതൽ ശമ്പളവും ഇവർക്ക് നൽകുന്നു.

4. IKM റീസ്ട്രക്ച്ചറിംഗ് റിപ്പോർട്ടിൽ പറയാത്ത തസ്തികയായ ബിസിനസ് എക്സ്പേർട്ട് എന്ന തസ്തികയിൽ 60000/- രൂപ ശമ്പളത്തിൽ നിയമനം നടത്തി. ഇത്തരം ഒരു തസ്തികയെ കുറിച്ച് റീസ്ട്രക്ച്ചറിംഗ് കമ്മിറ്റി റിപ്പോർട്ടിൽ പോലും നിർദ്ദേശം ഇല്ല.
5. IKM റീസ്ട്രക്ച്ചറിംഗ് റിപ്പോർട്ടിൽ പറയുന്ന Deputy Director തസ്തികയിൽ ഒരു ലക്ഷം രൂപ ശമ്പളത്തിൽ ആറു മാസം മുൻപേ നിയമനം നടത്തുകയും മറ്റ് ജീവനക്കാർക്ക് ഇല്ലാത്ത ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നു.
6. കഴിഞ്ഞ നാല് മാസമായി ഇരട്ടിയധികം ജീവനക്കാരെ എടുത്തിട്ടും 60 ലക്ഷത്തിന്റെ വിവിഡ് പദ്ധതി ഏറ്റെടുക്കുവാൻ ഡയറക്ടർ തയ്യാറാകുന്നില്ല.
7. ഐ കെ എമ്മിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപ്പെട്ട് സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനോ നിലവിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ യാതൊരുവിധ താത്പര്യങ്ങളും നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർ കാണിക്കുന്നില്ല. കൂടാതെ മറ്റു നാല് സ്ഥാപനങ്ങളുടെ കൂടെ ഡയറക്ടർ പദവി വഹിക്കുന്ന ഇദ്ദേഹത്തിനു ഐ കെ എമ്മിന്റെ റീസ്ട്രക്ച്ചറിംഗ് ഘട്ടത്തിൽ ആവശ്യമായ വിധം ഇടപെടുന്നതിനുള്ള സമയം കണ്ടെത്താത്ത സ്ഥിതിയും ഉണ്ട്.

മേൽ സൂചിപ്പിച്ച കാര്യങ്ങൾ സർക്കാർ ഗൌരവമായി പരിശോധിച്ച് ഐ കെ എമ്മിനെ ശക്തിപ്പെടുത്താനുള്ള മന്ത്രിസഭാ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശം അങ്ങയുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

തിരുവനന്തപുരം
28 /12/2017

ജെയിംസ് മാത്യു എം എൽ എ
പ്രസിഡണ്ട്, ഇ എഫ് @ ഐ ടി

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

നം.തസ്വഭവ-ഐബി1/102/2018-തസ്വഭവ

തിരുവനന്തപുരം,
തീയതി, 28.05.2018.

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ.

സർ,

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് അനധികൃതമായി പ്രൊമോഷൻ നൽകിയത് - റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- അഡ്വ. സന്ദീപ് കുമാറിന്റെ 27.03.2018 തീയതിയിലെ കത്ത്.

സൂചനയിലെ നിവേദനത്തിന്റെ പക[]ർപ്പ് ടിയന്തിര റിപ്പോ[][][][]
ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ,

മിനി എം. ആർ,
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഉള്ളടക്കം : മേൽ പ്രസ്താവ്യം

Anyulal
സെക്ഷൻ ഓഫീസർ.

.../18/LSGD(OS)

p/s put up
11-07-18

# INFORMATION KERALA MISSION

*(an autonomous Institution under the Local Self Government Department, Govt.of Kerala)*

No. 1951/E4/IKM/2018

LOCAL SELF GOVERNMENT (OS-I) DEPARTMENT
11 JUL 2018
THIRUVANANTHAPURAM-1

05.07.2018

അഡീഷണല് ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ (ഐബി) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സര്,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് ഇന്ഫര്മേഷന് കേരള മിഷനിലെ ജീവനക്കാര്ക്ക് അനധികൃതമായി പ്രൊമോഷന് നല്കിയത് റിപ്പോര്ട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 1. 28.05.2018 തീയതിയിലെ തസ്വഭവ ഐബി1/102/2018 തസ്വഭവ സര്ക്കാര് കത്ത്
2. അഡ്വക്കേറ്റ് സന്ദീപ് കുമാറിന്റെ 27.03.2018 തീയതിയിലെ കത്ത്

സൂചന സർക്കാർ കത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഐ.കെ.എം. ലെ മൂന്ന് ജീവനക്കാരായ ശ്രീ. സജേഷ് എ, ശ്രീ അജീഷ് വി എസ്, ശ്രീ. വിമൽ കുമാർ എം എൽ എന്നിവര്ക്ക് അനധികൃതമായി പ്രൊമോഷൻ (Future designation / Pay protection) നൽകി എന്നതു സംബന്ധിച്ച ശ്രീ സന്ദീപ് കുമാറിൻറെ ഒരു പരാതിയിൻമേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പേഴ്സണൽ ഫയല് പരിശോധിച്ചതിൽ ശ്രീ സജേഷ് എ ദിവസ വേതനാടിസ്ഥാനത്തിൽ (Rs. 120/-) 2002 ൽ ഡാറ്റാ എൻട്രി ഓപ്പറേറ്റര് ആയി ഫീൽഡ് തലത്തിൽ ജോലിയിൽ പ്രവേശിക്കുകയും (discontinuous spells), 2006 ൽ Skilled Assistant ആയി Rs. 5100 രൂപ അടിസ്ഥാനത്തിൽ ഇംപ്ളിമെൻറേഷൻ സെക്ഷനിൽ നിയോഗിക്കുകയും, നിലവിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് III അഡ്മിനിസ്ട്രേഷൻ E3 സെക്ഷനില് ജോലി ചെയ്തു വരുന്നു. നിലവിലെ പേ റിവിഷനിൽ 2002 മുതലുള്ള ദിവസ വേതനക്കാലയളവ് മുൻകാല പ്രാബല്യത്തോടെ പരിഗണിച്ചിട്ടുണ്ട്.

പേഴ്സണൽ ഫയല് പരിശോധിച്ചതിൽ അഡീഷണൽ ഡയറക്ടർ നല്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ അജീഷ് വി എസ് ദിവസ വേതനാടിസ്ഥാനത്തിൽ (Rs. 120/-) 2001 മുതൽ 2007 വരെ ഡാറ്റാ എൻട്രി ഓപ്പറേറ്റര് ആയി ഫീൽഡ് തലത്തിൽ ജോലിയിൽ പ്രവേശിക്കുകയും (discontinuous spells), 2007 മുതൽ CA to Group Director ആയി കൺസോളിഡേറ്റഡ് വ്യവസ്ഥയിൽ. ജോലി ചെയ്തു വരുന്നു. നിലവിലെ തസ്തിക സീനിയർ അസിസ്റ്റന്റ് ഗ്രേഡ് III എന്നാണ്. നിലവിലെ പേ റിവിഷനിൽ 2001 മുതലുള്ള ദിവസ വേതനക്കാലയളവ് മുൻകാല പ്രാബല്യത്തോടെ പരിഗണിച്ചിട്ടുണ്ട്.

പേഴ്സണൽ ഫയൽ പരിശോധിച്ചതിൽ ശ്രീ വിമൽ കുമാർ ദിവസ വേതനാടിസ്ഥാനത്തിൽ (Rs. 120/-) 2003 മുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റര് ആയി ഫീൽഡ് തലത്തിൽ ജോലിയിൽ പ്രവേശിക്കുകയും (discontinuous spells), 2010 മുതൽ ജൂനിയർ അസിസ്റ്റൻറ് തസ്തികയിൽ ഇംപ്ളിമെൻറേഷൻ ഡിവിഷനിൽ കൺസോളിഡേറ്റഡ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നു. നിലവിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് III എന്ന



Swaraj Bhavan,Ground Floor, Nandancode,.
Kowdiar PO, Thiruvananthapuram, Kerala, India, PIN 695 003
Tel.0471-2773100, Fax. 2726111, Email:ikm@ikm.org.in

*ICTs for Transparency and Efficiency*

തസ്തികയിൽ പ്ലാൻ എന്ന സെക്ഷനിൽ ജോലി നോക്കി വരുന്നു. നിലവിലെ പേ റിവിഷനിൽ 2003 മുതലുള്ള ദിവസ വേതനക്കാലയളവ് മുൻകാല പ്രാബല്യത്തോടെ പരിഗണിച്ചിട്ടുണ്ട്.

പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത മാത്രമുണ്ടായിരുന്ന ഇവർ 2016-17 കാലഘട്ടത്തിൽ ബി എ ഹിസ്റ്ററി ബിരുദം മധുരൈ കാമരാജ് യൂണിവേഴ്സിറ്റി (Distance Education) യിൽ നിന്നും കരസ്ഥമാക്കുകയും, പേ റിവിഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം 31.03.2017 വരെ കരസ്ഥമാക്കിയ. വിദ്യാഭ്യാസ യോഗ്യത കണക്കിലെടുക്കാമെന്ന് പരാമർശിച്ചിട്ടുള്ളതിനാൽ ഡിഗ്രി യോഗ്യത കണക്കാക്കി നോൺ ടെക്നിക്കലിലെ ഡിഗ്രി ഉള്ളവർക്ക് നല്കിയിരിക്കുന്നതും, ദിവസവേതനക്കാലയളവ് മുതലുള്ള സർവ്വീസ് പരിഗണിച്ചും സീനിയർ അസിസ്റ്റന്റ് ഗ്രേഡ് III എന്ന തസ്തികയിലുൾപ്പെടുകയാണുണ്ടായത്. എന്നാൽ അസിസ്റ്റന്റ് ഗ്രേഡ് 3 തസ്തികയിലെ വേതനമായ 23000 രൂപയും, ഇംക്രിമെന്റും, ബിരുദം യോഗ്യതയായിട്ടുള്ളവര്ക്ക് നിശ്ചയിച്ചിട്ടുള്ള തസ്തികയിലെ എന്ട്രി പോസ്റ്റ് ആയ സീനിയര് അസിസ്റ്റന്റ് ഗ്രേഡ് 3 (അടിസ്ഥാന ശമ്പളം 19000) തസ്തികയുമാണ് ( Annexure 1) നല്കിയിരിക്കുന്നതെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തയോടെ

For എക്സിക്യൂട്ടീവ് ഡയറക്ടര്

| Sl No | # | Designation | Retaining period in years | Lump sum Pay |
|---|---|---|---|---|
| 5 | (c) | Senior Programmer Grade III | 05 years in post (d) | 54500 |
| 6 | (d) | Programmer Grade I | 05 years in post (e) | 47500 |
| 7 | (e) | Programmer Grade II | 05 years in post (f) | 40500 |
| 8 | (f) | Programmer Grade III | 04 years in post (g) | 33500 |
| 9 | (g) | Junior Programmer | Entry Post | 26500 |
| **Professional Staff – Operation and Maintenance Division** | | | | |
| 8 | (a) | Senior Support Engineer Grade I | 05 years in post (b) | 68700 |
| 9 | (b) | Senior Support Engineer Grade II | 05 years in post (c) | 61500 |
| 10 | (c) | Senior Support Engineer Grade III | 05 years in post (d) | 54500 |
| 11 | (d) | Support Engineer Grade I | 05 years in post (e) | 47500 |
| 12 | (e) | Support Engineer Grade II | 05 years in post (f) | 40500 |
| 13 | (f) | Support Engineer Grade III | 04 years in post (g) | 33500 |
| 14 | (g) | Junior Support Engineer | Entry post | 26500 |
| **Technical Staff** | | | | |
| 10 | (a) | Senior Technical Officer Grade I | 05 years in post (b) | 46200 |
| 11 | (b) | Senior Technical Officer Grade II | 05 years in post (c) | 42200 |
| 12 | (c) | Senior Technical Officer Grade III | 05 years in post (d) | 38200 |
| 13 | (d) | Technical Officer Grade I | 05yrs in post (e) | 34200 |
| 14 | (e) | Technical Officer Grade II | 05 years in post (f) | 30200 |
| 15 | (f) | Technical Officer Grade III | 04 years in post (g) | 26200 |
| 16 | (g) | Junior Technical Officer | Entry post | 22200 |
| **Administrative Staff (with minimum Graduation)** | | | | |
| 12 | | Controller of Administration | | 45800 |
| 13 | | Finance Officer | | 42500 |
| 14 | | Purchase and Stores Officer | | 42500 |
| 15 | | Administrative Officer | | 42500 |
| 16 | (a) | Manager | 05 years in post (b) | 40600 |
| 17 | (b) | Deputy Manager | 05 years in post (c) | 37000 |
| 18 | (c) | Associate Manager | 05 years in post (d) | 33400 |
| 19 | (d) | Assistant Manager | 05 years in post (e) | 29800 |
| 20 | (e) | Senior Assistant Grade I | 05 years in post (f) | 26200 |
| 21 | (f) | Senior Assistant Grade II | 04 years in post (g) | 22600 |
| 22 | (g) | Senior Assistant Grade III | Entry Post | 19000 |
| **Administrative Staff (without graduation)** | | | | |
| 23 | (a) | Assistant Grade I | 24 years in post (e) | 29000 |
| 24 | (b) | Assistant Grade II | 18 years in post (e) | 26000 |
| 25 | (c) | Assistant Grade III | 12 years in post (e) | 23000 |
| 26 | (d) | Assistant Grade IV | 06 years in post (e) | 20000 |
| 27 | (e) | Assistant | Entry post | 17000 |

* To get a good resource with sufficient experience to lead software development team we need to provide sufficient compensation.

I/3605812/2018

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

നം.തസ്വഭവ-ഐബി1/167/2018-തസ്വഭവ

തിരുവനന്തപുരം,
തീയതി, 26.11.2018.

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- പെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 31.08.2017-ലെ സ.ഉ (കൈ)നം.176/2017/തസ്വഭവ ഉത്തരവ്
2 .താങ്കളുടെ 08.06.2018 ലെ 1653/ഇ 4/2018/ഐ.കെ.എം നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം തേടിയിരുന്നോ എന്നറിയിക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

മിനി. എം.ആർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Manjulal
സെക്ഷൻ ഓഫീസർ.

I/3660714/2019

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്

നം.തസ്വഭവ-ഐബി1/268/2018-തസ്വഭവ

തിരുവനന്തപുരം,
തീയതി, 01.02.2019.
ഫോൺ - 0471 251 8611
ഇ മെയിൽ - lsgibdept@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഐ.കെ.എമ്മിലെ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തിൽ ലീവ് സറണ്ടർ ആനുകൂല്യം നൽകി വരുന്ന നടപടി സാധൂകരണം ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന:- 19.09.2018-ലെ IKM/E4/2427/2018- നമ്പർ കത്ത്

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഐ . കെ . എം - ൽ കരാർ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർ കെ . എസ് . ആർ . ഭാഗം ഒന്ന് , അനുബന്ധം ഒന്ന് പ്രകാരമുള്ള കാരാറിൽ ഏർപ്പെട്ടുകയും ടി കരാറിൽ അനുബന്ധം എട്ടിലെ അവധി ചട്ടങ്ങൾ ബാധകമാക്കുകയും ചെയ്തിട്ടുണ്ടോ എന്നറിയിക്കുവാനും 01.09.2017 പ്രാബല്യത്തിൽ കെ . എസ് . ആർ ബാധകമാക്കുന്നതിനു മുൻപ് ടി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ , കരാർ എന്നിവ എപ്രകാരമായിരുന്നു എന്നതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
മിനി എം.ആർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Amjulal
സെക്ഷൻ ഓഫീസർ.

.52/2019

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

നമ്പർ.തസ്വഭവ-ഐബി1/268/ 2018/തസ്വഭവ 28/07/2019,തിരുവനന്തപുരം

തീയതി, 07.2019

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തിൽ ലീവ് സറണ്ടർ ആനുകൂല്യം നൽകി വരുന്ന നടപടി സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 01.02.2019 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലെ കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

സെക്ഷൻ ഓഫീസർ.

2019/LSGD(OS)

(13)

**INFORMATION KERALA MISSION**
*(an autonomous institution under the Local Self Government Department, Govt.of Kerala)*

No. IKM/E4/2721/2019                                                                                25.10.2019

LOCAL SELF GOVERNMENT (OS ...) DEPARTMENT
05 NOV 2019
THIRUVANANTHAPURAM-1

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ (ഐബി) വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- തസ്വഭവ - ഐ.കെ.എം ലെ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തിൽ ലീവ് സറണ്ടർ ആനുകൂല്യം നല്കി വരുന്ന നടപടിക്ക് സാധൂകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 31.08.2017 തീയതിയിലെ GO (MS)No.176/17/LSGD/ നം ഉത്തരവ്
2. 27.03.2018 തീയതിയിലെ തസ്വഭവ –ഐ ബി 1/78/2018 നം കത്ത്
3. 19.09.2018 തീയതിയിലെ ഐ കെ എം / ഇ4/2721 /2019 നം. കത്ത്
4. 01.02.2019 തീയതിയിലെ തസ്വഭവ –ഐ ബി.1/268/2018 നം കത്ത്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാമർശിച്ച സർക്കാർ ഉത്തരവു പ്രകാരം ഐ.കെ.എമ്മിലെ ജീവനക്കാരുടെ റിസ്ട്രക്ച്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട് , വ്യവസ്ഥകളോടെ, സർക്കാർ അംഗീകരിച്ചത് പ്രകാരം ശമ്പള പരിഷ്കരണം നടപ്പിലാക്കുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഐ കെ എമ്മിൽ സർവ്വീസ് റൂൾസ് നടപ്പിൽ വരുന്നതുവരെ കെ എസ് ആർ ബാധകമായിരിക്കുമെന്നും; വാർഷിക ഇൻക്രിമെന്റ്, ലീവ്. ലീവ് സറണ്ടർ മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്നും ഇവയ്ക്ക് 01/09/2017 മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്നും ടി ഉത്തരവിൽ പറയുന്നു. സൂചന 2 ലെ സർക്കാർ കത്തിലും ആയത് സ്പഷ്ടീകരിക്കുന്നുണ്ട് . (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

വിവര സാങ്കേതിക. വിദ്യയുടെ സാധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവര്ത്തനങ്ങളില് പ്രയോജനപ്പെടുത്തുന്നതിനായി അവയെ ഒരു നെറ്റുവര്ക്കിനു കീഴില് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ സി-ഡിറ്റിനു കീഴില് 1999-ല് രൂപീകരിക്കപ്പെട്ട ഒരു സ്ഥാപനമാണ് ഐ.കെ.എം. പിന്നീട് സി-ഡിറ്റില് നിന്ന് സ്വതന്ത്രമായി തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ സ്വതന്ത്ര ആസ്ഥിത്വത്തോടെ പ്രവര്ത്തിക്കാന് തുടങ്ങി. ഇതിന്റെ ആദ്യഘട്ടത്തിൽ പ്രവർത്തനങ്ങൾ വളരെ സുഗമമായി നടത്തുന്നതിനുവേണ്ടി ജീവനക്കാരെ സി-ഡിറ്റൽ നിന്ന് ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും . കരാർ അടിസ്ഥാനത്തിലും, ദിവസ വേതന അടിസ്ഥാനത്തിലുമായി ജോലിക്ക് നിയമിച്ചിരുന്നു. തുടക്കത്തിൽ 58 പ്രോജക്ട് സ്റ്റാഫുമായി തുടങ്ങിയ സ്ഥാപനത്തിൽ സി-ഡിറ്റ് സർവ്വീസ് റൂൾസ് പ്രകാരം എല്ലാ ആനുകൂല്യങ്ങളും പ്രോജക്ട് സ്റ്റാഫ് കാറ്റഗറിയിലുള്ള



Swaraj Bhavan,Ground Floor, Nandancode,.
Kowdiar PO, Thiruvananthapuram, Kerala, India, PIN 695 003
Tel.0471-2773100, Fax. 2726111, Email:ikm@ikm.org.in

*ICTs for Transparency and Efficiency*

ജീവനക്കാർക്ക് നല്കി വന്നിരുന്നു. പ്രസ്തുത പ്രോജക്റ്റ് സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് (2005 കാലയളവ് വരെ) കരാറും നിലവിലുണ്ടായിരുന്നു. അതിനു ശേഷം പ്രസ്തുത കരാർ പുതുക്കിയിട്ടുള്ളതായി കാണുന്നില്ല.

തുടക്കത്തിൽ 58 പ്രോജക്റ്റ് സ്റ്റാഫുമായി ആരംഭിച്ച സ്ഥാപനത്തിന്റെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് വിന്യസിക്കുന്നതിനുള്ള 17 സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ രൂപകല്പന ചെയ്ത് വികസിപ്പിക്കുകയും, കമ്പ്യൂട്ടർവൽക്കരണത്തിൻറെ മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുന്കാലരേഖകള് കമ്പ്യൂട്ടര്വല്ക്കരണത്തിന് സജ്ജമാക്കുന്നതിനും ജീവനക്കാര്ക്ക് ഈ മേഖലകളില് പരിശീലനം നല്കുകയും ചെയ്തു . കൂടാതെ 2005-ൽ കേരള മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് ജനസേവന കേന്ദ്രങ്ങള് സ്ഥാപിക്കുന്നതിനും 1970 മുതലുള്ള രേഖകള് per-processing-ഉം Data Entry-യും നടത്തുന്നതിനും ജീവനക്കാരെ ആവശ്യമായി വന്നു. ഇങ്ങനെ വിവിധതരം ആവശ്യങ്ങള്ക്കായി വിവിധ ഘട്ടങ്ങളില് ദിവസവേതനത്തിലും കരാര് വ്യവസ്ഥയിലും Campus സെലക്ഷന് വഴി നേരിട്ടും ജീവനക്കാരെ നിയമിക്കുകയുണ്ടായി. ഇങ്ങനെ നിയമിച്ചിട്ടുള്ള ജീവനക്കാരിൽ വലിയ ഒരു വിഭാഗത്തിന് യഥാവിധ നിയമന ഉത്തരവ് നല്കിയിട്ടില്ല.

ഒരു ഘട്ടത്തില് ജീവനക്കാരുടെ എണ്ണം അഞ്ഞൂറിൽ കവിഞ്ഞ സാഹചര്യത്തിൽ ഐ.കെ.എം-ന്റെ പ്രവർത്തന വൈപുല്യവും ജീവനക്കാരുടെ എണ്ണവും തമ്മില് പൊരുത്തപ്പെടുത്തി, സ്ഥാപനത്തെ ഘടനാപരമായി യുക്തി സഹമാക്കുകയെന്ന ഉദ്ദേശത്തോടെ ഒരു പഠനം നടത്തുന്നതിന് 10.10.2007 തീയതിലെ 11 - മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 11.5 നമ്പര് തീരുമാന പ്രകാരം Centre for Management Development (CMD) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പ്രസ്തുത സ്ഥാപനം ഐ. കെ. എമ്മിലെ ജീവനക്കാരുടെ ശമ്പളവും സ്റ്റാഫ് pattern-ഉം സംബന്ധിച്ച് വിശദമായി പഠിച്ച് 2008 ഏപ്രില് മാസം ഐ കെ എമ്മിലെക്ക് റിപ്പോർട്ട് നല്കുകയും പ്രസ്തുത റിപ്പോർട്ട് 03.05.2008 ലെ 17 ാമത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോട്ടുകൂടി സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് സർക്കാര് വിശദമായി പരിശോധിക്കുകയും വിവിധ ഡിവിഷനുകളിലായി പരമാവധി 440 ജീവനക്കാരെ മാത്രമേ നിലനിർത്താവൂ എന്നും അതിനു മുകളിൽ അധികമായി വരുന്നവരെ നിലനിർത്തേണ്ടതില്ലെന്നും ഐ.കെ.എമ്മില് 440 തസ്തികകള് 13 category ആയി തരം തിരിച്ച് പുനർരൂപീകരിക്കാനും G.O.(Rt)No. 3865/08/LSGD Dated,03/11/2008 പ്രകാരം ഉത്തരവായി. സർക്കാര് ഉത്തരവിലെ നിർദ്ദേശ പ്രകാരം എക്സിക്യൂട്ടീവ് ചെയർമാന് & ഡയറക്ടറുടെ Order No.IKM/Estt/Re-Structuring-03/2009 dated 28/01/2009 ഉത്തരവ് പ്രകാരം 440 പേരുടെ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ദിവസവേതനത്തിലും,കണ്സോളിഡേറ്റഡ് വേതനത്തിലും, കരാർ വ്യവസ്ഥയിലും

ജോലി ചെയ്തിരുന്നവർ ഉൾപ്പടെയുള്ള ജീവനക്കാരെ പുനർ വിന്യസിക്കുകയും ജീവനക്കാർക്ക് വ്യക്തിഗത ഫയലും സർവ്വീസ് ബുക്കും ഏർപ്പെടുത്തുകയും ചെയ്തു. മുൻപ് പ്രോജക്ട് സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് നല്കി കൊണ്ടിരുന്ന ലീവ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ 440 പേർക്കും നല്കി വരുകയും നല്കാൻ ആരംഭിച്ചു.

22.12.2012 ലെ സ.ഉ.(കൈ)നം.343/2012/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി ഐ കെ എം നെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ, 1955 ലെ 12-ാം ആക്ട് ആയ ട്രാവന്കൂര് കൊച്ചിന് ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷന് ആക്ട് പ്രകാരം ഒരു സ്വയംഭരണ സ്ഥാപനമായി രജിസ്റ്റര് ചെയ്യുന്നതിന് അനുമതി നല്കി. തുടര്ന്ന് 20.01.2014 ലെ G.O(MS)No.15/2014/LSGD dated 20.01.2014 പ്രകാരം ഐ.കെ.എമ്മിന്റെ ബൈലാ റൂൾസ് ആന്റ് റെഗുലേഷൻസ് സർക്കാർ അംഗീകരിക്കുകയും, 10.02.2014 ൽ ഐ.കെ.എം പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

ഐ.കെ.എമ്മിൻറെ 2008-2009 വരെയുള്ള കാലയളവിൽ പ്രോജക്ട്സ്റ്റാഫ് എന്ന കാറ്റഗറിയിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷം 30 എന്ന പ്രകാരം ആർജ്ജിത അവധി സറണ്ടർ അനുവദിച്ചിരുന്നു. എന്നാൽ 03.11.2008 ൽ പുറപ്പെടുവിച്ച 3865/08/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ ഐ.കെ.എമ്മിലെ 440 ജീവനക്കാരേയും പ്രോജക്ട് സ്റ്റാഫാക്കിയിരുന്നു. തുടർന്ന് സ്പെഷ്യൽ റൂൾസോ പ്രത്യേക ഉത്തരവുകളൊന്നും തന്നെ നിലവിൽ ഇല്ലാത്തതിനാൽ ലീവ് സറണ്ടർ ആനുകൂല്യം മാത്രം 440 ജീവനക്കാർക്കും താൽക്കാലികമായി നിർത്തിവക്കുകയായിരുന്നു. തുടർന്ന് സൂചന 1 & 2 പ്രകാരം ലീവ് സറണ്ടർ അനുവദിച്ച് കിട്ടുകയും, ആയതിന് 01/09/2017 മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്നും പരാമർശിച്ചിട്ടുള്ളതുമാണ്.

പ്രാരംഭ ഘട്ടത്തിൽ പ്രോജക്ട് സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാർക്ക് മാത്രം കൺസോളിഡേറ്റഡ് പേ നല്കി വന്നിരുന്നുവെങ്കിലും. 03.11.2008 ലെ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നതോടു കൂടി 440 ജീവനക്കാർക്കും കൺസോളിഡേറ്റഡ് പേ ആണ് നല്കിവരുന്നത്. കരാർ വ്യവസ്ഥയിലും , ദിവസവേതനത്തിലും ജോലിയിൽ പ്രവേശിച്ച ജീവനക്കാരാണ് കാലങ്ങളായി ഈ സ്ഥാപനത്തിൽ ജോലി ചെയ്യുവരുന്നത്. ഈ ജീവനക്കാരെയൊന്നും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടില്ല. നിലവിൽ Retained employees ആയി തുടർന്ന് വരുന്ന ഐ.കെ.എമ്മിലെ ജീവനക്കാർ കരാറിലും ഏർപ്പെട്ടിട്ടില്ല. മാത്രമല്ല 31.08.2017 തീയതിയിലെ GO (MS)No.176/17/LSGD/ നം ഉത്തരവ് പ്രകാരവും, സൂചന 2 ലെ സർക്കാർ കത്ത് പ്രകാരവും സർവ്വീസ് റൂൾസ് നടപ്പിൽ വരുന്നതുവരെ കെ എസ് ആർ ബാധകമായിരിക്കുമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും, വാർഷിക ഇൻക്രിമെന്റ്, ലീവ്, ലീവ് സറണ്ടർ മുതലായ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെന്നും ഇവയ്ക്ക് 01/09/2017 മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്നും പരാമർശിച്ചിട്ടുള്ളതുമാണ്.

മുൻകാലങ്ങളിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും സേവനമനുഷ്ഠിച്ചവർ Retained employee ആയി തുടരുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ലീവ് , ലീവ് സറണ്ടർ മറ്റ് ആനുകൂല്യങ്ങൾ എന്നിവ എപ്രകാരം കണക്കാക്കണമെന്ന അവ്യക്തത നിലനില്ക്കുന്നു. ആയതിനാൽ ഐ.കെ.എമ്മിലെ ജീവനക്കാരുടെ പ്രത്യേക സഹചര്യം കണക്കിലെടുത്തും സൂചന സർക്കാർ ഉത്തരവിലും കത്തിലും പരാമർശിച്ചിട്ടുള്ള തീയതിയായ 01.09.2017 പരിഗണിക്കാതെ മുൻകാല സർവ്വീസ് പരിഗണിച്ച് ലീവും മറ്റു ആനുകൂല്യങ്ങളും അനുവദിക്കാമോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നും, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സാധൂകരിച്ച് ഉത്തരവാകണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ

I/3.79403/2019

15<br>YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം.തസ്വഭവ-ഐ.ബി.1/6/2019-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്
തിരുവനന്തപുരം , തീയതി, 23.02.2019
ഫോൺ - 0471 251 8611
ഇ മെയിൽ - lsgibdept@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ ,
തിരുവനന്തപുരം ,

സർ,

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ചറിംഗ് -
- സംബന്ധിച്ച്.

സൂചന - 31/08/2017 -ലെ സ. ഉ. (കൈ) നം. 176/2017/ത. സ്വ. ഭ .വ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി ഉത്തരവു പ്രകാരം , ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി അറിയിക്കുവാൻ താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

മിനി എം.ആർ
അണ്ടർ സെക്രട്ടറി
അഡിഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Anjulal
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.തസ്വഭവ-ഐബി1/6/2019-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ. ബി.)വകുപ്പ്
തിരുവനന്തപുരം, തീയതി, 20.03.2019.
ഫോൺ - 0471 251 8611
ഇ മെയിൽ - lsgibdept@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷന്റെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച്.

സൂചന:- 23.02.2019 - ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പരാമർശ വിഷയത്തിലെ റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

മിനി. എം.ആർ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

സെക്ഷൻ ഓഫീസർ

അടിയന്തരം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.തസ്വഭവ-ഐ.ബി.1/6/2019-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്
26/06/2019,തിരുവനന്തപുരം

ഫോൺ - 0471 251 8611

ഇ മെയിൽ - lsgibdept@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി
എക്സിക്യൂട്ടീവ് ഡയറക്ടർ,

ഇൻഫർമേഷൻ കേരള മിഷൻ,

തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഐ. കെ. എം. -റീ സ്ട്രക്ചറിംഗ് -സംബ.

സൂചന:- 23.02.2019, 20.03.2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പരാമർശ വിഷയത്തിലെ റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താത് പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ജയശ്രീ എൽ
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

Anjulal
സെക്ഷൻ ഓഫീസർ.